# ഖുർആനും ഹദീസും

ഇ.എൻ. ഇബ്റാഹീം

ഖുർആൻ ഒരു വേദമാണ്. ഒരു വേദവും സ്വയം നടപ്പിലാവുകയല്ല; ജനങ്ങൾ, അതിന്റെ വാഹകർ അത് നടപ്പിൽ വരുത്തുകയാണ്. ഖുർആനും ഈ സാമാന്യരീതിക്ക് അപവാദമല്ല. ഏതു ഗ്രന്ഥവും തത്ത്വവും പ്രയോഗതലത്തിലെത്തുമ്പോൾ വിശദീകരണങ്ങൾ കൂടിയേ കഴിയൂ. ഖുർആനിനും അതേ. ഖുർആൻ അല്ലാഹു മുഹമ്മദ്നബി(സ)ക്കാണ് അവതരിപ്പിച്ചുകൊടുത്തത്. അതിനാൽ അത് വിശദീകരിക്കേണ്ടത് ഖുർആനിനു പുറമെ മുഹമ്മദ്നബി(സ)യാണ്. അല്ലാഹു നബിക്ക് നൽകിയ ഒരു അധികാരം കൂടിയാണത്: "നാം ഈ ഉദ്ബോധനം താങ്കൾക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നത് ജനങ്ങൾക്ക് അവതരിച്ചുകിട്ടിയതെന്തോ അത് താങ്കൾ അവർക്ക് വിവരിച്ചുകൊടുക്കാനാണ്" (ഖുർആൻ: 16:44), "അവർ ഭിന്നിച്ച കാര്യങ്ങൾ താങ്കൾ അവർക്ക് വിവരിച്ചുകൊടുക്കാനാണ് നാം ഈ ഗ്രന്ഥം താങ്കൾക്ക് അവതരിപ്പിച്ചുതന്നത്" (16:64).

**ഖുർആൻ പഠിക്കാനോ വിശദീകരിക്കാനോ ഒരുങ്ങുമ്പോൾ ഒന്നാമതായും രണ്ടാമതായും പരിഗണിക്കേണ്ടത് ഖുർആനും സുന്നത്തുമാണ്. ആദർശാനുഷ്ഠാനതലങ്ങളിൽ പ്രത്യേകിച്ചും. ഹദീസിനെ അവഗണിച്ചുകൊണ്ടുള്ള ഖുർആൻവ്യാഖ്യാനം യഥാർഥ ഖുർആൻവ്യാഖ്യാനമാവില്ല; ഖുർആന്റെ ദുർവ്യാഖ്യാനമേ ആകൂ.**

നബിക്കു നിർണയിച്ചുകൊടുത്ത ഉത്തരവാദിത്വം മൂന്നെണ്ണമാണ്: ഖുർആൻ ഓതിക്കേൾപ്പിക്കുക, അതിന്റെ അർഥവും പ്രായോഗികരൂപവും പഠിപ്പിക്കുക, സംസ്കരിക്കുക: "നിരക്ഷരസമൂഹത്തിൽ അവരിൽനിന്നുതന്നെ ഒരു ദൂതനെ നിയോഗിച്ചത് അവനത്രെ. അദ്ദേഹം അവരെ അവന്റെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും ഗ്രന്ഥവും അതിന്റെ പ്രായോഗികജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. അവർ മുമ്പ് പ്രകടമായ ദുർമാർഗത്തിലായിരുന്നു" (62:2), "അവന്റെ സൂക്തങ്ങൾ അവരെ ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും പ്രായോഗികജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന, അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ അവരിൽ നിയോഗിച്ചപ്പോൾ അല്ലാഹു വിശ്വാസികൾക്ക് ഔദാര്യം ചൊരിയുകയായിരുന്നു" (3:164), "നാം നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഒരു ദൂതനെ നിയോഗിച്ചുതന്നതു പോലെത്തന്നെ അദ്ദേഹം നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിത്തരികയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് ഗ്രന്ഥവും പ്രായോഗികജ്ഞാനവും പഠിപ്പിക്കുകയും നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത പലതും പഠിപ്പിക്കുകയും ചെയ്യുന്നു" (2:151).

സമൂഹത്തെ പരിവർത്തിപ്പിക്കുകയാണ് നബിയുടെ നിയോഗലക്ഷ്യം. അതിന് ആദ്യമായി വേണ്ടത് ഉദ്ദിഷ്ട പരിവർത്തനത്തിനാധാരമായിരിക്കേണ്ട തത്ത്വസംഹിതയാണ്. അതാണ് ഖുർആൻ. അതുകൊണ്ടുമാത്രം പരിവർത്തനം സംജാതമാവുകയില്ല. തത്ത്വസംഹിതയുടെ ശരിയായ വ്യാഖ്യാനങ്ങളും പ്രായോഗികരീതികളും അവതരിപ്പിച്ച് അതംഗീകരിക്കുന്നവരെ പരിശീലിപ്പിക്കാനുള്ള സംവിധാനവും അനിവാര്യമാകുന്നു. അതാണ് പ്രവാചകന്മാരുടെ ദൗത്യം. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയുമൊക്കെ വിശ്വാസം, അനുഷ്ഠാനം, ആചാരസമ്പ്രദായങ്ങൾ എല്ലാം പ്രവാചകന്റെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാവണം. ഏതു രംഗത്തും പ്രവാചകൻ നൽകുന്ന നിർദേശം അനുസരിക്കാനും അദ്ദേഹത്തെ അനുകരിക്കാനും സമൂഹവും വ്യക്തിയും തയാറാവുകയും വേണം. പ്രവാചകൻ അനുസരിക്കപ്പെടേണ്ട നേതാവും മാതൃകാപുരുഷനുമാണ്: "പറയുക: നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നവരെങ്കിൽ എന്നെ പിൻപറ്റുവിൻ. എങ്കിൽ അവൻ നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങളുടെ പാപങ്ങൾ പൊറുക്കുകയും ചെയ്യും" (3:31), "ഇല്ല, നിന്റെ നാഥനിൽ സത്യം. തങ്ങൾക്കിടയ്ക്ക് ഉടലെടുക്കുന്ന തർക്കപ്രശ്നങ്ങളിൽ താങ്കളെ വിധികർത്താവാക്കുകയും തുടർന്ന് താങ്കളുടെ തീർപ്പ് സംബന്ധിച്ച് മനസ്സിൽ നീരസം തോന്നാതിരിക്കുകയും അത് സർവാത്മനാ സമ്മതിക്കുകയും ചെയ്യുവോളം അവർ വിശ്വാസികളാവുകയില്ല" (4:65), "അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചാൽപിന്നെ തങ്ങളുടെ പ്രശ്നങ്ങളിൽ സ്വതന്ത്രാഭിപ്രായം വച്ചുപുലർത്താൻ വിശ്വാസിക്കോ വിശ്വാസിനിക്കോ അവകാശമില്ല" (33:36), "നിങ്ങൾക്ക്, അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ അത്യധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമ മാതൃകയുണ്ട്" (33:21).

പ്രവാചകന്റെ ഈ മാതൃകയും വിശദീകരണവുമൊക്കെ ഖുർആൻപോലെ ഇസ്ലാമികജീവിതത്തിന്റെ ആധികാരിക പ്രമാണങ്ങളാണ്. കാരണം അവ ഖുർആന്റെ തന്നെ മാതൃകയും വിശദീകരണവുമാണ്. അതുകൊണ്ട് അതിനു കാലഹരണമില്ല: "പറയുക: മനുഷ്യരേ, ഞാൻ നിങ്ങൾ എല്ലാവരിലേക്കുമായുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു" (ഖുർആൻ: 7:158).

വിശ്വാസികൾക്കിടയ്ക്ക് സാധാരണക്കാർ, പണ്ഡിതന്മാർ, ഭരണകർത്താക്കളും ഭരണീയരും, സ്ത്രീകളും പുരുഷന്മാരും ഇവരിൽ ആർക്കിടയ്ക്കും ഉടലെടുക്കുന്ന തർക്കപ്രശ്നങ്ങൾക്ക് പരിഹാരം തേടി ച്ചെല്ലേണ്ടത് അല്ലാഹുവിലേക്കും (അവൻ അവതരിപ്പിച്ച ഖുർആനിലേക്ക്) അവന്റെ ദൂതനിലേക്കുമാണ്. ഖുർആനികനിർദേശങ്ങൾ സാർവകാലികമാണ്. ദൂതനെ സമീപിക്കുക എന്നതും അങ്ങനെത്തന്നെ. ദൂതൻ ജീവിച്ചിരിപ്പുള്ളപ്പോൾ അദ്ദേഹത്തെ നേരിട്ട് സമീപിക്കാം. അദ്ദേഹത്തിന്റെ മരണശേഷമോ? അപ്പോൾ ജീവിതകാലത്ത് അദ്ദേഹം ഖുർആനിനു നൽകിയ വിശദീകരണം പരിശോധിക്കുക. അതായത്, ഖുർആൻ ഉൾക്കൊള്ളുക എന്നതിനർഥം ഖുർആനിന് അല്ലാഹുവിന്റെ ദൂതൻ നൽകിയ വിവരണവും കൂടി ഉൾക്കൊള്ളുക എന്നാണെന്ന് വ്യക്തം. പ്രവാചകന്റെ ഈ വിശദീകരണമില്ലെങ്കിൽ ഖുർആനിലെ പല നിർദേശങ്ങളും നമ്മെ സംബന്ധിച്ചേടത്തോളം അപ്രായോഗികമോ നിരർഥകമോ ആയിമാറും.

ഈ പ്രവാചകവിശദീകരണത്തെ *സീറത്തുർറസൂൽ* (പ്രവാചകചരിതം), സുന്നത്തുർറസൂൽ (പ്രവാചകചര്യ), *ഹദീസുർറസൂൽ* (പ്രവാചകഭാഷ്യം) എന്നീ പേരുകളിൽ വിളിക്കാവുന്നതാണ്.

ഖുർആൻ പഠിക്കാനോ വിശദീകരിക്കാനോ ഒരുങ്ങുമ്പോൾ ഒന്നാമതായും രണ്ടാമതായും പരിഗണിക്കേണ്ടത് ഖുർആനും സുന്നത്തുമാണ്. ആദർശാനുഷ്ഠാനതലങ്ങളിൽ പ്രത്യേകിച്ചും. ഹദീസിനെ അവഗണിച്ചുകൊണ്ടുള്ള ഖുർആൻവ്യാഖ്യാനം യഥാർഥ ഖുർആൻവ്യാഖ്യാനമാവില്ല; ഖുർആന്റെ ദുർവ്യാഖ്യാനമേ ആകൂ.

■